**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5238** **21-03-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ഗവ: വനിതാ കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ഗവ: വനിതാ കോളേജ് കെട്ടിട നിർമ്മാണ പദ്ധതി നിലവിൽ ടെൻഡർ ചെയ്തിട്ടും കരാറുകാരനുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള കാലതാമസം എന്താണ്; പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മലപ്പുറം ഗവ. വനിതാ കോളേജിനായുള്ള കെട്ടിട നിർമ്മാണ പദ്ധതിയുടെ സാങ്കേതിക നടപടി ക്രമങ്ങളും ടെൻഡർ നടപടികളും പൂർത്തീകരിക്കുകയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം ഉണ്ടായതിനാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് നിർമ്മാണം നടത്തുന്നതിന് അസൗകര്യം ഉണ്ടെന്നും ആയതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ട് പദ്ധതി നിർവഹണ ഏജൻസിയായ KITCO യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. പലതവണ ഊരാളുങ്കലുമായി ചർച്ച നടത്തിയെങ്കിലും പദ്ധതി ഏറ്റെടുക്കുന്നതിന് തയ്യാറായിട്ടില്ല. ടി സാഹചര്യത്തിൽ റീ ടെൻഡർ നടപടികൾ നടത്തുന്നതിന് KITCO തീരുമാനിക്കുകയും റീ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. |
| (ബി) | ഇപ്പോൾ കോളേജ് പ്രവർത്തിക്കുന്ന താൽക്കാലിക കെട്ടിടത്തിന്റെ വാടക കടിശിക എത്രയാണെന്നും അത് എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (ബി) | മലപ്പുറം സർക്കാർ വനിതാ കോളേജ് നിലവിൽ സ്ഥിതി ചെയ്യുന്ന വാടക കെട്ടിടത്തിന് വാടക ഇനത്തിൽ കുടിശ്ശിക ഉണ്ടായിരുന്ന 76,07,028/- (എഴുപത്തി ആറ് ലക്ഷത്തി ഏഴായിരത്തി ഇരുപത്തിയെട്ട് രൂപ മാത്രം) രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി തുക കെട്ടിട ഉടമസ്ഥന് അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കോളേജിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ